# കേരളസർവകലാശാല

നം.പി.ആർ.168/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ഐ.എം.കെ യിൽ സ്പോട്ട് പ്രവേശനം

എം.ബി.എ (ട്രാവൽ ആന്റ് ടൂറിസം – സി.എസ്.എസ്), എം.ബി.എ (ഈവനിംഗ് – റെഗുലർ– സി.എസ്.എസ്) എന്നിവയ്ക്കുളള സ്പോട്ട് പ്രവേശനം സെപ്റ്റംബർ 7 ന് രാവിലെ 10 ന് സർവകലാശാല കാര്യവട്ടം കാമ്പസിലുളള ഐ.എം.കെ യിൽ വച്ച് നടക്കുന്നതാണ്. രണ്ട് പ്രോഗ്രാമുകൾക്കും സീറ്റുകൾ ലഭ്യമാണ്. സെലക്ട്/റാങ്ക് ലിസ്റ്റിലുളളവർക്ക് പങ്കെടുക്കാം.

### പുതുക്കിയ പരീക്ഷാതീയതി

സെപ്റ്റംബർ 8, 14 തീയതികളിൽ നടക്കുന്ന അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) എൽ.എൽ.ബി പരീക്ഷകൾ ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെയും സെപ്റ്റംബർ 11 ന് നടക്കുന്ന പരീക്ഷ ഉച്ചയ്ക്ക് 2.00 മുതൽ 5.00 വരെയും നടത്തുന്നതാണ്.

### ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാം

2020 സെപ്റ്റംബർ 9 മുതൽ ആരംഭിക്കുന്ന ബി.എ/ബി.എ അഫ്സൽ-ഉൽ-ഉലമ പാർട്ട് ഒന്ന്, രണ്ട് സപ്ലിമെന്ററി (സെപ്റ്റംബർ 2019 സെഷൻ), പാർട്ട് ഒന്ന്, രണ്ട് ബി.കോം ആന്വൽ സ്കീം സപ്ലിമെന്ററി എന്നീ പരീക്ഷകൾക്ക് അപേക്ഷിച്ച വിദ്യാർത്ഥികൾക്ക് ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

### ടൈംടേബിൾ

സെപ്റ്റംബർ 15 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

സെപ്റ്റംബർ 28 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.ബി.എൽ പരീക്ഷയുടേയും സെപ്റ്റംബർ 29 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.ബി.എൽ പരീക്ഷയുടേയും വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

രണ്ടാം സെമസ്റ്റർ എം.ബി.എ (വിദൂരവിദ്യാഭ്യാസം – 2018 അഡ്മിഷൻ) ഡിഗ്രി പരീക്ഷ സെപ്റ്റംബർ 15 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാഫീസ്

2020 ഒക്ടോബറിൽ ആരംഭിക്കുന്ന എം.സി.എ രണ്ടാം സെമസ്റ്റർ, നാലാം സെമസ്റ്റർ റെഗുലർ ആന്റ് സപ്ലിമെന്ററി (2015 സ്കീം) പരീക്ഷകളുടെ രജിസ്ട്രേഷൻ സെപ്റ്റംബർ 8 മുതൽ ആരംഭിക്കുന്നതാണ്. പിഴകൂടാതെ സെപ്റ്റംബർ 18 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 24 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 28 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

സെപ്റ്റംബർ 28 ന് ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ ബി.ഡെസ്സ് (**B.Des**)ഡിഗ്രി പരീക്ഷകൾക്ക് പിഴകൂടാതെ സെപ്റ്റംബർ 9 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 15 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 17 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## കേരള സർവകലാശാല ഹരിതാലയം പദ്ധതി<br>നെൽക്കൃഷിയുടെ വിളവെടുപ്പ് സെപ്റ്റംബർ 8 ന്

കേരളസർവകലാശാലയുടെ ഹരിതാലയം പദ്ധയിയിലുൾപ്പെട്ട നെൽക്കൃഷിയുടെ വിളവെടുപ്പ് സെപ്റ്റംബർ 8 ന് രാവിലെ 8.30 ന്.

ബഹു.കൃഷി വകുപ്പ് മന്ത്രി അഡ്വ.വി.എസ്.സുനിൽകുമാർ നിർവ്വഹിക്കും. കഴിഞ്ഞ ലോക പരിസ്ഥിതി ദിനത്തിൽ മുഖ്യമന്ത്രി ശ്രീ.പിണറായി വിജയനാണ് ഹരിതാലയം പദ്ധതിയുടെ ഉത്ഘാടനം നിർവഹിച്ചത്. പദ്ധതിയിലുൾപ്പെട്ട 15 ഏക്കറിൽ വിതച്ച നെല്ലാണ് ഇപ്പോൾ കൊയ്ത്തിന് പാകമായിട്ടുള്ളത്. നെൽക്കൃഷിക്കു പുറമേ പച്ചക്കറികൃഷി, മത്സ്യക്കൃഷി, ഫലവൃക്ഷ ഉദ്യാനം, ആൻഡമാൻ നിക്കോബാർ ഉദ്യാനം, 1000 തെങ്ങിൻ തൈ നടീൽ പദ്ധതി. തുടങ്ങി വിവിധയിനം കാർഷിക പദ്ധതികളാണ് സർവകലാശാല നടപ്പിലാക്കി വരുന്നത്. കൊയ്ത്തിനോടനുബന്ധിച്ച് കാമ്പസിലെ വിദ്യാർത്ഥികൾ അവതരിപ്പിക്കുന്ന കൊയ്ത്ത് പാട്ട് ഉണ്ടായിരിക്കുന്നതായിരിക്കും. കൊയ്തെടുക്കുന്ന നെല്ല് മുഴുവൻ കാർഷിക സർവകലാശാല ഏറ്റുവാങ്ങി വിത്തിനായി സംഭരിക്കുകയാണ് ചെയ്യുന്നത്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചായിരിക്കും ഉത്ഘാടന ചടങ്ങ് നടത്തുന്നതെന്ന് സർവകലാശാല പത്രക്കുറിപ്പിൽ അറിയിച്ചു.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം

04.09.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098